പേവിഷബാധിതർക്കുള്ള ചികിത്സാ സൗകര്യം

17 (*17) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേവിഷബാധിതർക്ക് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള ചികിൽസാ സൗകര്യം പര്യാപ്തമാണെന്നു സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ പേവിഷബാധിതർക്ക് നൽകി വരുന്ന ചികിൽസാ സൗകര്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് പേവിഷബാധിതർക്ക് നൽകേണ്ട മരുന്നുകളെ ജീവൻ രക്ഷാമരുന്നുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ മരുന്നുകളെയാണ് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പേവിഷബാധിതർക്ക് നൽകി വരുന്ന ജീവൻ രക്ഷാമരുന്നുകളുടെ ലഭ്യത എല്ലാ ആശുപത്രികളിലും ഉറപ്പുവരുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഗ്രാമതലത്തിൽ പേവിഷബാധിതർക്കായി വാക്സിനേഷൻ സെന്ററുകൾ സ്ഥാപിക്കേണ്ടതുണ്ടെന്നു സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് ലോകാരോഗ്യ സംഘടന എന്തെങ്കിലും നിർദ്ദേശം മുന്നോട്ടുവച്ചതായി അറിവുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്ത് പേവിഷ നിർമ്മാർജ്ജനം സാദ്ധ്യമാക്കാൻ പൊതുജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ സംബന്ധിച്ച് ബോധവൽക്കരണം നടന്നുവരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്.

(ബി&സി) പേവിഷബാധിതർക്ക് നൽകേണ്ട ആന്റി റാബീസ് സിറം, ആന്റി റാബീസ് വാക്സിൻ എന്നിവ ജീവൻരക്ഷാ മരുന്നുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പേവിഷബാധ തടയുന്നതിന് നൽകി വരുന്ന ആന്റി റാബീസ് വാക്സിൻ മൂന്നുതരം താഴെപ്പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. ചിക് എബ്രിയോ (എ ആർ വി)
2. ഹ്യൂമൺ ഡിപ്ലോയിഡ് സെൽ (എ ആർ വി)
3. ഇമ്മ്യൂണോഗ്ലോബിലിൻ ഇഞ്ചക്ഷൻ (എ ആർ വി)

പ്രസ്തുത വിഭാഗത്തിനു ചികിൽസ നൽകുന്നതിനായി എല്ലാ ജില്ലാ ആശുപത്രികളിലും ഐസൊലേഷൻ വാർഡോ മുറിയോ സെപ്റ്റിക് വാർഡോ നിലനിർത്തി വരുന്നുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. സി. പി. സി. ലിസ്റ്റിൽ പ്രധാനപ്പെട്ട മരുന്നുകളിൽ ഈ മരുന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) കരുതുന്നില്ല. കാരണം ഇവയുടെ എണ്ണം വളരെ കുറവാണ്. പ്രതിരോധ കുത്തിവയ്പിനുള്ള മരുന്ന് എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) പേവിഷബാധയ്ക്കെതിരെ പ്രയോഗിക്കുന്ന മരുന്നുകൾ നിശ്ചിതമായ ഡിഗ്രിസെൽഷ്യസിൽ സൂക്ഷിക്കുന്നതിനും മരുന്നിന് റിയാക്ഷൻ വരാതെ നോക്കുന്നതിനും ഉള്ള സജ്ജീകരണങ്ങളോടെ മാത്രമേ വാക്സിനേഷൻ സെന്ററുകൾ സ്ഥാപിക്കാവൂ എന്ന് ലോകാരോഗ്യ സംഘടന അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ജി) ബോധവൽക്കരണം നടത്തുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും, ലോക്കൽ ബോഡി മുഖേനയും ബോധവൽക്കരണം നടത്തുന്നുണ്ട്.

വീരപ്പനെ പിടികൂടുന്നതിനായുള്ള നടപടികൾ

18 (*18) ശ്രീ. ടി. എം. ജേക്കബ്:
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസ് സേന വീരപ്പനേയും കൂട്ടാളികളേയും പിടികൂടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വാളയാർ വനാന്തരത്തിൽ വീരപ്പനെ പിടികൂടുന്നതിനായി കേന്ദ്ര ദൗത്യസേനയും തമിഴ്നാട് പോലീസുമായി ബന്ധപ്പെട്ടിട്ടാണോ തെരച്ചിൽ നടത്തിയിട്ടുള്ളത് ;

(സി) വീരപ്പനെ പിടികൂടുന്നതിനായി കേരളത്തിൽ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാന പോലീസ് സേനയിലെ ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ എത്ര പോലീസ് സേനയെയാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly